# അച്ഛനും മകനും

*(അച്ഛൻ എന്തോ ചെയ്തുകൊണ്ടു നിൽക്കുന്നു. മകൻ ഒരു വണ്ടി ഓടിക്കുന്ന ഭാവം കാണിച്ചു കൊണ്ടു സ്റ്റേജിലൂടെ ചുറ്റിയോടുന്നു.)*

**അച്ഛൻ :** എടാ, എടാ. . . സ്കൂളീന്നു വന്നാലൊടനേ തുടങ്ങിക്കോളും ചാട്ടം. നില്ലെടാ അവിടെ. *(പിടിച്ചു നിർത്തുന്നു.)*

**അച്ഛൻ :** നീ സ്കൂളിൽ പോയാൽ വല്ലതും പഠിക്കുന്നുണ്ടോ?

**മകൻ :** പിന്നേ. . . ഞാൻ ഭയങ്കര പഠിത്തമല്ലേ. . .

**അച്ഛൻ :** ഇന്നെന്താ നീ സ്കൂളിൽ പഠിച്ചത്?

**മകൻ :** ഓപ്പോസിറ്റ്.

**അച്ഛൻ :** ഓപ്പോസിറ്റോ? അതെന്താ?

**മകൻ :** ഓപ്പോസിറ്റ്. . . ഓപ്പോസിറ്റ്. . . അച്ഛൻ എന്തു പറഞ്ഞാലും ഞാനതിന്റെ ഓപ്പോസിറ്റു പറയും.

**അച്ഛൻ :** അതല്ലേ നീയും നിന്റെ അമ്മയും ഇത്രയും കാലം ചെയ്തോണ്ടിരുന്നേ. . . ഞാൻ എന്തു പറഞ്ഞാലും അതിന്റെ ഓപ്പോസിറ്റു പറയുക. ഇതിനു കാശു മുടക്കി സ്കൂളിൽ പോകുന്നതെന്തിനാ?

**മകൻ :** അതല്ലച്ഛാ. അച്ഛൻ ഒരു വാക്കു പറഞ്ഞാൽ ഞാൻ അതിന്റെ ഓപ്പോസിറ്റു പറയാം.

**അച്ഛൻ :** ഓ. . . ഓപ്പോസിറ്റ്. . . വിപരീതപദം. . .
അപ്പോ ഞാൻ ഒരു വാക്കു പറഞ്ഞാൽ നീ അതിന്റെ ഓപ്പോസിറ്റു പറയും, അല്ലേ?

**മകൻ :** പറയും.

**അച്ഛൻ :** OK. . . മുകളിൽ

**മകൻ :** താഴെ

**അച്ഛൻ :** അകത്ത്

**മകൻ :** പുറത്ത്

**അച്ഛൻ :** ഇടത്ത്

**മകൻ :** വലത്ത്

**അച്ഛൻ :** (അഭിമാനത്തോടെ) കൊള്ളാമല്ലോടാ. . .

**മകൻ :** കൊള്ളത്തില്ലല്ലോടാ. . .

**അച്ഛൻ :** *(ഞെട്ടി)* അതല്ല

**മകൻ :** അതാണ്

**അച്ഛൻ :** മതി, മതി, മതി. . .

**മകൻ :** പോരാ, പോരാ, പോരാ. . .

**അച്ഛൻ :** നിർത്തെടാ

**മകൻ :** തുടരെടാ

**അച്ഛൻ :** എന്റെ ദൈവമേ. . . *(തല പൊത്തിപ്പിടിച്ച് ഒരു വശത്തിരിക്കുന്നു.)*

**മകൻ :** നിന്റെ ചെകുത്താനേ. . . *(തല പൊത്തിപ്പിടിച്ച് മറു വശത്തിരിക്കുന്നു.)*

*(കുറെ കഴിഞ്ഞു മകൻ എഴുന്നേറ്റ് അച്ഛനെ തൊട്ടുവിളിക്കുന്നു. അച്ഛൻ ഞെട്ടിയെഴുന്നേൽക്കുന്നു.)*

**മകൻ :** ഇപ്പോ മനസ്സിലായില്ലേ, അച്ഛന്മാരെക്കാൾ സ്മാർട്ട് മക്കളാണെന്ന്. . .

**അച്ഛൻ :** എന്താ, എന്താ. . . അച്ഛന്മാരെക്കാൾ സ്മാർട്ട് മക്കളാണെന്നോ?

**മകൻ :** ങാ.

**അച്ഛൻ :** അങ്ങനെ ഒരു കാര്യം ഞാൻ ഇതുവരെ കേട്ടിട്ടില്ല. മക്കൾ ഒരിക്കലും അച്ഛനെക്കാൾ മിടുക്കരാവില്ല.

**മകൻ :** അച്ഛാ, റേഡിയോ കണ്ടുപിടിച്ചതു ആരാ?

**അച്ഛൻ :** റേഡിയോ കണ്ടുപിടിച്ചതു. . . *(ആലോചിക്കുന്നു)* മാക്രോണി.

**മകൻ :** *(കൈകൊട്ടിച്ചിരിച്ചിട്ട്)* മാക്രോണി ആന്റ് ചീസു തിന്നുന്ന സാധനമാ അച്ഛാ. . . മാർക്കോണി. . . മാർക്കോണി. . .

**അച്ഛൻ :** അതു തന്നെയല്ലേ ഞാനും പറഞ്ഞത്. മാ. . . മാ. . . ങാ, അയാള്.

**മകൻ :** എന്താ മാർക്കോണീടെ അച്ഛൻ കണ്ടുപിടിക്കാഞ്ഞത്? *(വിജയഭാവത്തിൽ നിൽക്കുന്നു.)*

**അച്ഛൻ :** അത്. . . അത്. . . അയാൾക്കു ആന്റിനയും ഏറിയലും ഒന്നും ഇല്ലാഞ്ഞിട്ട്.

**മകൻ :** ഇപ്പോ മനസ്സിലായില്ലേ, അച്ഛന്മാരെക്കാൾ സ്മാർട്ട് മക്കളാണെന്ന്. . .

**അച്ഛൻ :** അതെങ്ങനാ?

**മകൻ :** അച്ഛാ. . . ഈ കയർ എഴുതിയതു ആരാ?

**അച്ഛൻ :** കയർ എഴുതിയത്. . . കയർ എഴുതിയതു . . . ദാ എന്റെ നാക്കേലിരിക്കുന്നു. . .

**മകൻ :** അയ്യോ അച്ഛാ, കയറു നാക്കേൽ വെയ്ക്കല്ലേ, കെട്ടു വീണുപോകും.

**അച്ഛൻ :** കയർ എഴുതിയത്... ചമ്പക്കുളം... കൈനകരി... തകഴി... ങാ... തകഴി, തകഴി

**മകൻ :** എന്താ തകഴീടെ അച്ഛൻ എഴുതാഞ്ഞത്? *(വിജയഭാവത്തിൽ നിൽക്കുന്നു.)*

**അച്ഛൻ :** അതു അയാൾക്കു എഴുത്തും വായനേം അറിയാത്തോണ്ട്...

**മകൻ :** ഇപ്പോ മനസ്സിലായില്ലേ, അച്ഛന്മാരെക്കാൾ സ്മാർട്ടു മക്കളാണെന്ന്...

**അച്ഛൻ :** എടാ, ഈ മാക്റോണീം തകഴീമൊക്കെ വല്ലപ്പോഴും മാത്രമുണ്ടാകുന്ന അപൂർവ്വപ്രതിഭകളാ. ഒരു ആയിരം അച്ഛന്മാരേം മക്കളെയും എടുത്താൽ ഒന്നോ രണ്ടോ മക്കൾ ചിലപ്പോൾ മിടുക്കരായിരിക്കും.

**മകൻ :** അല്ല, ആയിരം അച്ഛന്മാരേം മക്കളെയും എടുത്താൽ ഒന്നോ രണ്ടോ അച്ഛന്മാർ ചിലപ്പോൾ മിടുക്കരായിരിക്കും.

**അച്ഛൻ :** നീ എവിടെ കണ്ടിട്ടുണ്ട് അച്ഛനെക്കാൾ മിടുക്കന്മാരു മക്കൾ?

**മകൻ :** എത്ര വേണം? ഭരത്, കുഞ്ചു, അലക്സ്, നിരഞ്ജൻ...

**അച്ഛൻ :** നീ ലിസ്റ്റൊന്നും നിരത്തണ്ടാ. നമുക്ക് ഒരു ഉദാഹരണം എടുക്കാം. നീ അച്ഛനും ഞാൻ മോനുമല്ലേ.

**മകൻ :** അല്ല. അച്ഛൻ അച്ഛനും ഞാൻ മോനും.

**അച്ഛൻ :** ങാ, ങാ – ഞാൻ അച്ഛനും നീ മോനും... എന്തെങ്കിലും ഒരു കാര്യം പറയാമോ നീ എന്നെക്കാൾ നന്നായി ചെയ്യുന്നത്?

*(മകനും അച്ഛനും പല കസർത്തുകളും കാണിക്കുന്നു. മകൻ കാണിക്കുന്നതൊക്കെ കുറച്ച വിഷമിച്ചാണെങ്കിലും അച്ഛനും ചെയ്യുന്നു. അവസാനം മകൻ അച്ഛന്റെ കാലുകൾക്കിടയിലൂടെ പോകുന്നു. അതു ചെയ്യാൻ പറ്റാത്ത അച്ഛൻ അല്പം പകച്ചുനിന്നതിനു ശേഷം ഓടി രക്ഷപ്പെടുന്നു.)*

**മകൻ :** ഞാൻ ജയിച്ചേ, ഞാൻ ജയിച്ചേ... *(സദസ്യരോടായി)* ഇപ്പോ മനസ്സിലായില്ലേ അച്ഛന്മാരെക്കാൾ മിടുക്കർ മക്കളാണെന്ന്?

*(യവനിക)*